(സി) കണ്ണൂർ ജില്ലയിൽനിന്നും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല. എന്നാൽ ജില്ലയിൽനിന്നും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ ശുപാർശ ചെയ്തിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

പുതിയ പി.എച്ച്. സെന്ററുകളും സർക്കാർ ആശുപത്രികളിലെ പേ ക്ലിനിക്കുകളും

122 [1699] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പി.എച്ച്. സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പി.എച്ച്. സെന്ററുകളാണ് പുതുതായി ആരംഭിക്കുന്നത്;

(ബി) പുതുതായി പി.എച്ച്. സെന്ററുകൾ ആരംഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണ് പി.എച്ച്. സെന്ററുകൾ ആരംഭിക്കുന്നതെന്നും ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകൾ ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ട്;

(എഫ്) പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതുമൂലം സർക്കാർ ആശുപത്രികൾക്ക് വരുമാന സാധ്യത ഉണ്ടാകുമെന്നത് കണക്കിലെടുത്ത് പേ ക്ലിനിക്കുകൾ ഉടൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഓരോവർഷവും കേന്ദ്ര സർക്കാർ നിശ്ചയിച്ചനുവദിക്കുന്നതനുസരിച്ചാണ് പുതിയ പി.എച്ച്. സെന്ററുകൾ ആരംഭിക്കുന്നത്. പത്താം പഞ്ചവത്സര പദ്ധതിയിൽ (2002-2007) പുതിയ പി.എച്ച്. സെന്ററുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ കേന്ദ്രം നൽകിയിട്ടില്ല. അതിനാൽ പുതിയ പി.എച്ച്. സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മെഡിക്കൽ കോളേജുകളിൽ പേ ക്ലിനിക്കുകൾ തുടങ്ങാനുള്ള നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഇവ തുടങ്ങുന്ന കാര്യം ആലോചനയിലുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി ആന്റ് ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ 12-ാം റിപ്പോർട്ടിലെ സർക്കാർ ആശുപത്രികളിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പേ ക്ലിനിക്കുകൾ തുടങ്ങുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിൽ ചർച്ച ചെയ്ത് പ്രാരംഭ നടപടികൾക്ക് രൂപം നൽകിവരികയുമാണ്. ജില്ലാതലങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും ആരാഞ്ഞിട്ടുണ്ട്.

(എഫ്) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

എസ്.എ.ടി. ആശുപത്രിയിലെ എച്ച്.ഇ.എസ്., എച്ച്.ഡി.എസ്. സംഘങ്ങളുടെ പ്രവർത്തനം

123 [1700] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ സമാന ഉദ്ദേശലക്ഷ്യത്തിലുള്ള എച്ച്.ഇ.എസ്., എച്ച്.ഡി.എസ്. എന്നീ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടോ;

(ബി) രോഗികളിൽനിന്നും ബന്ധുമിത്രാദികളിൽനിന്നും ധനസമാഹരണം നടത്താൻ പ്രസ്തുത സംഘങ്ങളെ അനുവദിച്ചിട്ടുണ്ടോ;

(സി) എച്ച്.ഡി.എസ്.-ലും, എച്ച്.ഇ.എസ്.-ലും ഒരേസമയം ഭാരവാഹിത്വം ഉള്ള എത്ര പേരുണ്ട്; അവരുടെ വിശദവിവരം നൽകുമോ;

(ഡി) എച്ച്.ഇ.എസ്.-ലെ അനൗദ്യോഗികാംഗങ്ങൾ എത്ര പേരാണ്;

(ഇ) ഇവരിപ്പോൾ നൽകിവരുന്ന സേവനങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ;

(എഫ്) പുതിയ സെക്രട്ടറി ചുമതലയേറ്റെടുത്തതിനുശേഷം എച്ച്.ഇ.എസ്.-ൽ എത്ര സ്ഥിരം/താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ജി) നിയമനം നടന്നിട്ടുണ്ടെങ്കിൽ എത്ര പേർക്കെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇതിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഐ) എച്ച്.ഇ.എസിന്റെ കഴിഞ്ഞകാല ഇടപാടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ജെ) കേരള ഗവൺമെന്റ് വിഹിതം ഉപയോഗിച്ച് നിർമ്മിക്കുന്ന ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണ ചുമതല ആർക്കാണ്;

(കെ) എച്ച്.ഡി.എസ്.-ഉം എച്ച്.ഇ.എസ്.-ഉം സംയോജിപ്പിച്ച് ഒറ്റ സംവിധാനമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടുപേരുണ്ട്. മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനും എസ്.എ.ടി. ആശുപത്രി സൂപ്രണ്ടിനും. എച്ച്.ഡി.എസ്.-ലും, എച്ച്.ഇ.എസ്.-ലും ഒരേസമയം ഭാരവാഹിത്വം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly